ജി. എസ്. കെ. വി. എൽ. പി. എസ്
പള്ളിക്കൽ.

# സ്കൂൾ അക്കാദമിക

# മാസ്റ്റർ

# പ്ലാൻ.

# 2025 - 26

# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. വിദ്യാലയ ചരിത്രം
4. ലക്ഷ്യങ്ങൾ
5. ഭൗതിക - അക്കാദമിക നേട്ടങ്ങൾ.
6. വിദ്യാലയം - മികവിന്റെ കേന്ദ്രം
7. പഠനപ്രവർത്തനങ്ങൾ
8. കലാ - കായികം
9. ഉപസംഹാരം.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ. എസ്.കെ.വി.എൽ. പി. എസ് , പാഞ്ഞിയ്ക്കൽ.

വിലാസം : പണയിൽ പി.ഒ, നൂറനാട് ആലപ്പുഴ.

സ്കൂൾ കോഡ് : 36231

വിദ്യാഭ്യാസ ഉപജില്ല : മാവേലിക്കര.

വിദ്യാഭ്യാസ ജില്ല : മാവേലിക്കര.

റവന്യൂ ജില്ല : ആലപ്പുഴ.

ബി ആർ സി : മാവേലിക്കര.

സി. ആർ. സി : ജി.എൽ.പി.എസ്, എരുമക്കുഴി

ഗ്രാമ പഞ്ചായത്ത് : പാലമേൽ.

ബ്ലോക്ക് പഞ്ചായത്ത് : ഭരണിക്കാവ്

ജില്ലാ പഞ്ചായത്ത് : ആലപ്പുഴ.

നിയമസഭാ മണ്ഡലം : മാവേലിക്കര.

താലൂക്ക് : മാവേലിക്കര.

വില്ലേജ് : നൂറക്കേൽ

# ആമുഖം

പാലമേൽ ഗ്രാമപഞ്ചായത്തിലെ നൂറനാട് ഗ്രാമത്തിലെ പള്ളിക്കൽ എന്ന സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചരിത്രപരമായും കലാപരമായും പെരുമയേറുന്ന പള്ളിക്കൽ ഗ്രാമത്തിലെ ഈ വിദ്യാലയത്തിൽ നിരവധി മഹത് വ്യക്തികൾ അറിവിന്റെ ആദ്യാക്ഷരം കുറിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും ഒത്തൊരുമിച്ച് പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഈ സ്കൂളിന്റെ ഉയർച്ചയ്ക്കുവേണ്ടി അധ്യാപക രക്ഷാകർതൃ സമിതി, വികസന സമിതി, നിരവധി ക്ലബ്ബുകൾ പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക-രാഷ്ട്രീയ മേഖലയിലുള്ളവർ നല്ലവരായ നാട്ടുകാർ തുടങ്ങിയവരൊത്തൊരുമിച്ച് പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ ഒരു സ്കൂളിന്റെ പ്രധാന മാർഗ്ഗരേഖയാണ്.

# വിദ്യാലയ ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്ക്-കിഴക്കേ അതിർത്തിയിലുള്ള പാലമേൽ വില്ലേജിലെ പള്ളിക്കൽ റവന്യൂ-കരയിലാണ് ഗവ. എസ്. കെ. വി. എൽ. പി. എസ് സ്ഥിതി ചെയ്യുന്നത്. 1937 ൽ ഈ പ്രദേശത്തെ കരപ്രമാണിയായിരുന്ന വല്യവീട്ടിൽ ശ്രീ. മാധവൻ ഉണ്ണിത്താന്റെ നേതൃത്വത്തിൽ നാട്ടുകാർ ചേർന്നാണ് ഈ വിദ്യാലയം ആരംഭിച്ചത്. അന്നു കാലത്ത് പള്ളിക്കൽ ഇടിഞ്ഞമ്മൂത്ത് പുരയിടത്തിൽ ഒരു കുടിപ്പള്ളിക്കൂടമായി ആരംഭിച്ച ഈ സ്കൂൾ അതിനാൽത്തന്നെ ഇടിഞ്ഞമൂത്ത് സ്കൂൾ എന്ന വിളിപ്പേരിലും അറിയപ്പെടുന്നു. 1950 കാലഘട്ടത്തിൽ സ്കൂളും ഉദ്ദേശം അര ഏക്കറോളം സ്ഥലവും അദ്ദേഹം സർക്കാരിന് സൗജന്യമായി വിട്ടു നൽകുകയും ചെയ്തു. പാലമേൽ വില്ലേജിലെ പള്ളിക്കൽ, പണയിൽ, എരുമക്കുഴിയുടെ തെക്കൻ ഭാഗങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വിശാലമായ ഏരിയയാണ് സ്കൂളിനുള്ളത്. സാമൂഹിക-സാംസ്കാരിക കലാ-സാഹിത്യ ശാസ്ത്ര മേഖലകളിൽ പ്രാവീണ്യം തെളിയിച്ച നിരവധി പ്രമുഖരെ സംഭാവന ചെയ്ത ചരിത്രമാണ് സ്കൂളിനുള്ളത്. പഞ്ചായത്ത് ഫണ്ട്, SSA ഫണ്ട്, MLA ഫണ്ട്, എന്നിവ ഉപയോഗിച്ച് ഈ വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മികവുറ്റതാക്കി. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ശ്രീ-ഷൈലമണി ഉൾപ്പെടെ 94 കുട്ടികളും അധ്യാപകരും, അനധ്യാപകരുമായി മികച്ച രീതിയിൽത്തന്നെ ഈ സ്കൂൾ മുന്നോട്ട് പോകുന്നു.

# ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിന് ഉതകുന്ന രീതിയിൽ പാഠാസൂത്രണം നടത്തുക.
- അക്കാദമിക മികവിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള വിദ്യാഭ്യാസം.
- സർഗ്ഗാത്മകവും, മൂല്യാധിഷ്ഠിതവും, ലിംഗ-സമത്വത്തിലൂന്നിയതുമായ വിദ്യാഭ്യാസം.
- വിഷയാധിഷ്ഠിതവും കലാ-കായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം.
- ഭാഷാധിഷ്ഠിതം, സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ, ഗവേഷണാത്മകം, പ്രശ്നങ്ങളെ അഭിമുഖീകരിക്കൽ, നിർദ്ധാരണം ചെയ്യൽ, നിഗമനത്തിൽ എത്തിച്ചേരൽ തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

# ഭൗതിക - അക്കാദമിക നേട്ടങ്ങൾ.

എല്ലാ ക്ലാസുകളും പ്രവർത്തിക്കുന്നതിനാവശ്യമായ ക്ലാസ് റൂമുകൾ, ഓഫീസ് മുറി, കമ്പ്യൂട്ടർ ലാബ്, സ്കൂൾ ബസ്, പാചകപ്പുര, ഡൈനിംഗ് ഹാൾ, ടോയ്‌ലറ്റുകൾ, കുടിവെള്ള സംവിധാനം, ക്ലാസ് ലൈബ്രറി, ലാപ് ടോപ്പുകൾ, പാർക്ക്, ഇരിപ്പിടം, പുതുതായി പണിഞ്ഞുകൊണ്ടിരിക്കുന്ന സ്കൂൾ കെട്ടിടം തുടങ്ങിയവയെല്ലാം ഭൗതിക നേട്ടങ്ങളിൽ ഉൾപ്പെടുന്നു. പഞ്ചായത്ത് തലം, BRC, MLA ഫണ്ട്, സ്കൂൾ വികസന സമിതി, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെയെല്ലാം സഹായ സഹകരണങ്ങൾ കൊണ്ട് മികച്ച രീതിയിലുള്ള ഭൗതിക നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചു.

എല്ലാ ക്ലാസുകളിലേക്കും പഠനനേട്ടവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ചചെയ്യുകയും അവ പ്രാവർത്തികമാക്കൽ, ദിനാചരണങ്ങൾ, എഴുത്ത് വായന, ക്വിസ്, LSS പരിശീലനം, ശാസ്ത്രമേള, കലോത്സവം, സ്പോർട്സ്, പഠനോത്സവം, ഇംഗ്ലീഷ് ഫെസ്റ്റ്, ശില്പശാല, പഠനയാത്ര തുടങ്ങിയവ മികച്ച രീതിയിൽ നടത്താനുള്ള ആസൂത്രണം നടത്തി.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ താല്പര്യത്തോടെ പങ്കെടുക്കുവാൻ ഉതകുന്ന രീതിയിലുള്ള വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

- പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുന്നതിനും പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും, സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കുക.

- ഭാഷോത്സവം, പഠനോത്സവം, ഇംഗ്ലീഷ് ഫെസ്റ്റ് തുടങ്ങി നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ വ്യത്യസ്ത തലത്തിലുള്ള കഴിവുകൾ പ്രകടമാക്കൽ.

- സമൂഹത്തെയും ചുറ്റുപാടിനേയും അടുത്തറിയുവാനും, നന്മതിന്മകൾ തിരിച്ചറിയാനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കൽ. (പഠനയാത്ര, ഫീൽഡ് ട്രിപ്പ്, ലൈബ്രറി - ചരിത്ര - സ്മാരക സന്ദർശനം.)

# പഠന പ്രവർത്തനങ്ങൾ

## പ്രവർത്തനം 1 : ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| വിവിധ തരത്തിലുള്ള പുസ്തകങ്ങൾ വായനയിലൂടെ പരിചയപ്പെടുന്നു. | ലൈബ്രറി പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | Class Teacher |
| <u>പദകേളി</u><br>അക്ഷരങ്ങൾ തിരിച്ചറിയുകയും വാക്കുകൾ നിർമ്മിക്കുകയും ചെയ്യുന്നു. | അക്ഷരങ്ങൾ നൽകി പല വാക്കുകൾ നിർമ്മിക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | മലയാളം ടീച്ചർ. |
| ഭാഷാവികസന ശേഷികൾ നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ വർഷത്തിൽ ഒന്ന് എത്തിക്കുകയും വായന / എഴുത്ത് അനുഭവങ്ങൾ പങ്കുവെക്കുന്നു. | | HM<br>PTA |
| <u>സർഗ്ഗകേളി</u><br>കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ പരിപോഷിപ്പിക്കുന്ന പ്രവർത്തനം. | സ്വന്തമായി കഥ, കവിത ചിത്രരചന എന്നിവ തയ്യാറാക്കുന്നു. ഇവ കയ്യെഴുത്ത് മാസികയായി പ്രസിദ്ധീകരിക്കുന്നു. | | |
| <u>പാട്ടരങ്ങ്.</u><br>കവിത ഈണത്തിലും താളത്തിലും ഉച്ചാരണ ശുദ്ധിയോടും ആലപിക്കുന്നു. | കവിതകൾ വ്യത്യസ്ത ഈണത്തിൽ അവതരിപ്പിക്കുന്നു. | | അധ്യാപകർ |

| | | | |
|---|---|---|---|
| **സർഗ്ഗാത്മക ഡയറി**<br>ഡയറി എഴുത്ത്. | ഒന്ന്, രണ്ട് ക്ലാസ്സുകളിൽ സംയുക്ത ഡയറിയും 3, 4 ക്ലാസ്സുകളിൽ സർഗ്ഗാത്മക ഡയറിയും കുട്ടികളുടെ ഭാവനക്കനുസരിച്ച് രക്ഷിതാക്കളുടെ സഹായത്തോടെ എഴുതിക്കുന്നു. | ജൂലൈ 15 | |
| **കാവ്യോത്സവം**<br>കവിതയിലെ ആശയം ഉൾക്കൊണ്ട് ക്ലാസിൽ അഭിനയം. | പാഠഭാഗത്തെ അർത്ഥം ഉൾക്കൊണ്ട് കവിതയിലെയും കഥയിലെയും കഥാപാത്രങ്ങളായി കുട്ടികൾ അഭിനയിക്കുന്നു. | | ക്ലാസ് ടീച്ചർ |
| **നിർമ്മാണ ശില്പശാല**<br>കുട്ടികൾക്ക് ആവശ്യമായ പഠന സാമഗ്രികൾ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുന്നു. | എല്ലാ ക്ലാസിലെയും വിഷയാടിസ്ഥാനത്തിൽ പഠനനേട്ടവുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ ജൂലൈ. | ടീച്ചർ |
| **കഥോത്സവം.**<br>ചെറുകഥകൾ പറയുകയും കഥാപാത്രങ്ങളെ അനുകരിക്കുകയും ചെയ്യുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ കുട്ടി കഥ പറയുകയും കഥാപാത്രങ്ങളായി അഭിനയിക്കുകയും ചെയ്യുന്നു.<br>ചിത്രകഥകൾ വായിക്കാനുള്ള അവസരം നൽകുന്നു. | | |
| **ആസ്വാദനക്കുറിപ്പ്**<br>കഥ, കവിത തുടങ്ങിയവ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | | | [illegible] |

| | | | |
|---|---|---|---|
| | കഥ, കവിത തുടങ്ങിയവ വായിച്ച് ആശയം കണ്ടെത്തുന്നു. ഇതിലെ ശബ്ദഭംഗി, പ്രയോഗ ഭംഗി എഴുതിയ രചയിതാവിന്റെ പേര്, ഇഷ്ടപ്പെട്ട വരി- എന്നിവ കണ്ടെത്തി ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു. | | |

പ്രവർത്തനം 2 : ഇംഗ്ലീഷ്

| | | | |
|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി<br>കുട്ടികൾക്ക് ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി സ്കൂളിൽ നടത്തുന്നു. | പ്രതിവാരം | HM<br>class Tr. |
| ഇംഗ്ലീഷ് ഡയറി<br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ഒരു മാസത്തിൽ രണ്ടു തവണ ഇംഗ്ലീഷിൽ കുട്ടികൾക്ക് ഡയറി എഴുതാനുള്ള അവസരം. | മാസത്തിൽ രണ്ട്. | class Tr. |
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ. | പാഠഭാഗങ്ങൾ വായിച്ച് skit, drama, Conversat conversation സന്ദർഭോചിതമായി അവതരിപ്പിക്കുന്നു | August December. | |
| സ്പീച്ച് ബബിൾ<br>ഇംഗ്ലീഷ് ഫെസ്റ്റ്<br>നന്നായി ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം. | സംഭാഷണങ്ങൾ സ്പീച്ച് ബബിൾസിൽ ഉൾപ്പെടുത്തുന്നു | August to March | |

| | | | |
|---|---|---|---|
| | എല്ലാ ക്ലാസിലേക്കും പാഠഭാഗവുമായി ബന്ധപ്പെട്ട് വ്യത്യസ്ത discourse കൾ അവതരിപ്പിക്കുന്നു. | December | class Tr. |
| <u>ഇംഗ്ലീഷ് നിഘണ്ടു.</u><br>ഇംഗ്ലീഷ് പദങ്ങളുടെ അർത്ഥം dictionary-നോക്കി കണ്ടെത്തുന്നു. | ഓരോ പാഠഭാഗങ്ങളിലും ഇംഗ്ലീഷ് പദങ്ങളുടെ അർത്ഥം കണ്ടെത്തി അക്ഷരമാല ക്രമത്തിൽ തയ്യാറാക്കുന്നു. | | |
| <u>റീഡേഴ്സ് തിയേറ്റർ</u><br>ആശയം ഉൾക്കൊണ്ട് വായിക്കാനും എഴുതാനും അവതരണത്തിനും. | കുട്ടികൾക്ക് ഇഷ്ടപ്പെട്ട കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുകയും അവ ഭാവം ഉൾക്കൊണ്ട് അധ്യാപകരുടെ സഹായത്തോടെ അവതരിപ്പിക്കുന്നു. | പ്രതിമാസം | class Teacher. |
| <u>പ്രവർത്തനം : 3</u> <u>ഗണിതം.</u><br><u>സംഖ്യാവബോധം</u><br>എണ്ണൽ സംഖ്യകളെ തിരിച്ചറിയാനുള്ള ശേഷി. | ചിത്രങ്ങളുടെ സഹായത്തോടെ എണ്ണൽ സംഖ്യകൾ തിരിച്ചറിയുന്നു. പ്രയോഗിക്കുന്നു. അക്കത്തിലും അക്ഷരത്തിലും എഴുതുന്നു. | | |

| | | | |
|---|---|---|---|
| **മഞ്ചാടി സഞ്ചി**<br>ഗണിതാശയങ്ങൾ നേടുന്നതിനാവശ്യ പഠന-സാമഗ്രികളുടെ ശേഖരണം | കമ്പ്കെട്ട്, മഞ്ചാടി, മുത്ത്, പുളിങ്കുരു, കളിനോട്ട്, അബാക്കസ് അളവുപാത്രങ്ങൾ സ്ഥാനവില പോക്കറ്റ് തുടങ്ങിയ പഠനസാമഗ്രികൾ ക്ലാസ് തലത്തിൽ സംഭരിച്ച് ഉപയോഗപ്പെടുത്തുന്നു. | | |
| **കണക്കുപെട്ടി**<br>പഠന സാമഗ്രികൾ-ആവശ്യാനുസരണം ക്രമീകരണം ചെയ്യുന്നു. | ശില്പശാലയിൽ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിച്ചതും ഉപയോഗ്യമായി ബന്ധപ്പെട്ട് കുട്ടികൾ നിർമ്മിച്ച സാമഗ്രികൾ സൂക്ഷിക്കുകയും ആവശ്യാനുസരണം ഉപയോഗിക്കുകയും-ചെയ്യുന്നു. | | |
| **ഗണിതം മധുരം.**<br>ഗണിത അസംബ്ലിയിലൂടെ ഗണിതം മധുരമാകുന്നു. | ജ്യാമിതീയ രൂപങ്ങളുടെ ആകൃതിയിൽ അസംബ്ലിയിൽ നിർത്തുന്നു.<br>ചിത്രങ്ങൾ, still model, കവിത പ്രദർശനം. | | ഗണിത ക്ലബ്ബ്. |

| | | | |
|---|---|---|---|
| **സ്ഥാനവില പോക്കറ്റ്.**<br>മൂന്നക്ക സംഖ്യകളും, നാലക്ക സംഖ്യകളും വായിക്കുവാനും എഴുതുവാനും സ്ഥാനവില കണ്ടെത്തുന്നതിനും | അബാക്കസ്, നോട്ടുകൾ, എന്നിവ ഉപയോഗിച്ച് സംഖ്യകൾ വായിക്കുന്നു, കാർഡുകൾ ഉപയോഗിച്ച് കളികൾ ചെയ്യുന്നു.<br>കളിയിലൂടെ സ്ഥാനവില മനസിലാക്കി സംഖ്യ തിരിച്ചറിയുന്നു. | ദൈനംദിനം | ക്ലാസ് ടീച്ചർ |
| ആവർത്തന സങ്കലനം ഗുണനം. | ഗണിത വിജയം, ഉല്ലാസഗണിതം, കൈത്തിരി തുടങ്ങിയ വഴിയിലെ പ്രവർത്തനങ്ങൾ ഉപയോഗിച്ച് ഗുണന ക്രിയകൾ കളികളിലൂടെ ഉറപ്പിക്കുന്നു. | ദൈനംദിനം | Class Teach |
| **പ്രവർത്തനം. 4** | **പരിസരപഠനം** | | |
| പ്രത്യക്ഷ അനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നു. | ചുറ്റുപാടും നിരീക്ഷിച്ച് വസ്തുക്കൾ മനസിലാക്കുന്നു. പഠിക്കപ്പെടുന്നു കളും നിഗമനത്തിലെത്തിച്ചേരുകയും ചെയ്യുന്നു | | |
| **കൃഷിയോടും പച്ചക്കറിയോടും**<br>കാർഷിക സംസ്കൃതി വീണ്ടെടുക്കൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ആകർഷകമായ പച്ചക്കറിത്തോട്ട നിർമ്മാണം | മാസത്തിലൊരിക്കൽ. | സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| <u>ഫീൽഡ് ട്രിപ്പ്</u><br>ഗവേഷണാത്മക-പഠനത്തിനുള്ള അവസരമൊരുക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രമുഖ സ്ഥലങ്ങൾ സന്ദർശിക്കുകയും നേരനുഭവങ്ങളിലൂടെ പ്രതീക്ഷിത ലക്ഷ്യം കൈവരിക്കുന്നു. | | സയൻസ് ക്ലബ്ബ്. |
| <u>എക്സിബിഷൻ</u><br>പാഠഭാഗത്തിലൂടെ നേടിയെടുത്ത ലക്ഷ്യങ്ങൾ അവതരിപ്പിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ സാമഗ്രികൾ പരീക്ഷണങ്ങൾ തുറന്നു കാട്ടുന്ന വേദി. | | സയൻസ് ക്ലബ്ബ്. |
| <u>ശാസ്ത്രാവബോധം</u> | ശാസ്ത്രാവബോധം വളർത്തുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | മാർച്ച് | സയൻസ് ക്ലബ്ബ് |

<u>പ്രവർത്തനം 5</u> <u>കലാ-കായികം</u>.

- കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുന്നതിനായി സംഗീതം, നൃത്തം അഭ്യസിപ്പിക്കുന്നു.
- പ്രവൃത്തിപരിചയ ക്ലാസുകൾ നൽകുന്നു.
- ചിത്രരചനയിൽ കഴിവുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ്
- കായിക പരിശീലനം കാര്യക്ഷമമാക്കുന്നു. ഇതിനായി കരാട്ടേ പരിശീലനം, [illegible] യോഗ ക്ലാസ് സംഘടിപ്പിക്കു

## പ്രവർത്തനം: 6. : വിവരസാങ്കേതിക വിദ്യ.

### പ്രവർത്തനം: 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ വളരെ വഴി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ (പൊതു പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | അധ്യാപകർ | |
| **പ്രവർത്തനം: 2** | | | | |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | June - March | അധ്യാപകർ | |

## പ്രവർത്തനം: 7 പ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മാണം : ചന്ദനത്തിരി, പാവ, ചോക്ക്, പേപ്പർബാഗ് etc. | June - March | SMC SSG | |

## പ്രവർത്തനം : 8 പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ facebook വഴി സമൂഹവുമായി പങ്കുവെക്കൽ കൂടാതെ പത്രമാധ്യമങ്ങൾ, ചാനൽ, മാഗസിൻ | June-March | SRG CT. | |

## പ്രവർത്തനം : 9 ഹെൽത്ത് ചെക്കപ്പ് (ആരോഗ്യം)

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ശാരീരികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക. | ആരോഗ്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ഹെൽത്ത് ചെക്കപ്പ്. | ജൂൺ- March | ക്ലബ്, ഹെൽത്ത്, PTA | |

## പ്രവർത്തനം : 10 അധ്യാപക ശാക്തീകരണം

| | | | | |
|---|---|---|---|---|
| ആരോഗ്യകരമായ വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | PT പീരിയഡിൽ ഫിസിക്കൽ എക്സർസൈസ് games, Yoga, Zumba എന്നിവ നൽകുന്നതിന് Class Teacher ന് പരിശീലനം നൽകൽ. | June-March | SRG. CT. | |

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ഈ മാർഗ്ഗരേഖയിലൂടെ കുട്ടികളിലെത്തിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ വൈകാരികവും ബൗദ്ധികവും സർഗ്ഗാത്മകവും കലാ-കായിക-മേഖല - ശാസ്ത്ര - ഗണിതശാസ്ത്ര മേഖലകളിലും എല്ലാ നിലവാരക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള-പ്രവർത്തനങ്ങൾ വിഭവാർന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി തയ്യാറാക്കിയ ഈ വികസന രേഖ ഈ അധ്യയന വർഷത്തിൽ പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.